# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 889 — 20.03.2013 -ൽ മറുപടിയ്ക്ക്

## എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

**ചോദ്യം**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. ഡൊമനിക് പ്രസന്റേഷൻ**
**ശ്രീ. സി. പി. മുഹമ്മദ്**
**ശ്രീ. വി. ഡി. സതീശൻ**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും ഉൾപ്പെടെ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കു വേണ്ടി NIC ഡൽഹി യൂണിറ്റ് വികസിപ്പിച്ചെടുത്ത കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (CASE) എന്ന സോഫ്റ്റ്‌വെയർ കേരളത്തിന്റെ ആവശ്യത്തിന് ഉതകുന്ന രീതിയിൽ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ച് വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ കമ്പ്യൂട്ടർവൽകൃത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിച്ചുവരുന്ന NIC യുടെ ക്ലൈന്റ് സെർവർ ബേസ്ഡ് തൊഴിൽ സോഫ്റ്റ്‌വെയറിനു പകരം എവിടെ നിന്നും എപ്പോഴും അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാകുന്നതുമായ NIC യുടെ തന്നെ വെബ് ബേസ്ഡ് സോഫ്റ്റ്‌വെയറായ CASE -ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിലൂടെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനം നൽകുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | കേയ്സ് സോഫ്റ്റ്‌വെയർ വഴി ഉദ്യോഗാർത്ഥികൾക്ക് താഴെ പറയുന്ന സൗകര്യങ്ങളാണ് ലഭ്യമാവുക.<br><br>(1) ഓൺലൈൻ രജിസ്ട്രേഷൻ<br>(2) ഓൺലൈൻ റിന്യൂവൽ |

| | | | |
|---|---|---|---|
| | | | (3) ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ<br>(4) മൊബൈൽനമ്പർ/ഫോൺ നമ്പർ/ഇ.മെയിൽ എന്നിവയുടെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കാൻ കഴിയുക.<br>(5) രജിസ്ട്രേഷൻ റിക്കാർഡുകൾ ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും സാദ്ധ്യമാക്കുക.<br>(6) രജിസ്ട്രേഷൻ റിക്കാർഡ്, രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡ് എന്നിവയുടെ പ്രിന്റൗട്ട് എടുക്കുക.<br>(7)നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയുക.<br>(8)ഉദ്യോഗദായകർക്ക് ഓൺലൈനിൽ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ സാദ്ധ്യമാക്കുക.<br>(9) ഉദ്യോഗദായകർക്ക് ഓൺലൈനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ സാദ്ധ്യമാക്കുക.<br>(10)അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവരം ഏവർക്കും കാണുവാൻ സാദ്ധ്യമാക്കുക.<br>(11) എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും സാദ്ധ്യമാക്കുക |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ? | (ഡി) | നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ഡൽഹി യൂണിറ്റ്, കേരള ഘടകം എന്നിവയുടെ സഹായത്തോടെയാണ് മേൽ പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ